"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - 2025- ലെ പൊതുസ്ഥലം മാറ്റം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ്**

സ.ഉ.(സാധാ) നം.729/2025/H&FWD തീയതി,തിരുവനന്തപുരം, 11-03-2025

---

പരാമർശം:-
1. സ.ഉ (പി) നം.3/2017/ഉഭപവ തീയതി. 25.02.2017
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 17.02.2025 ലെ ഇ.എച്ച് 1 / 28887/2024/ആവഡ നമ്പർ കത്ത്.

**ഉത്തരവ്**

2025-ലെ പൊതു സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കുന്നതും ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുമായി ബന്ധപ്പെട്ട് സമയക്രമവും മാർഗ്ഗനിർദ്ദേശങ്ങളും ചുവടെ ചേർത്തിരിക്കും പ്രകാരം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഓൺലൈൻ മുഖാന്തരം അപേക്ഷ സമർപ്പിക്കേണ്ട തീയതി: 15/03/2025 മുതൽ 24/03/2025 വരെ

2. സ്ഥാപന മേധാവികൾ ജില്ലാ മെഡിക്കൽ ഓഫീസർക്ക് അയക്കേണ്ട അവസാന തീയതി : 29/03/2025

3. ജില്ലാ മെഡിക്കൽ ഓഫീസർമാർ പരിശോധന നടത്തി സമർപ്പിക്കേണ്ട അവസാന തീയതി: 03/04/2025

4. കരട് പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി : 13/04/2025

5. കരടിന്മേൽ പരാതികൾ സ്വീകരിക്കുന്ന അവസാന തീയതി : 22/04/2025

6. അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി : 30/04/2025

കൂടാതെ കരട് ലിസ്റ്റും അന്തിമ ലിസ്റ്റും www.dhs.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കണം. അതോടൊപ്പം ഓരോ തസ്തികയുടേയും വെവ്വേറെ കരട് ലിസ്റ്റ് ബന്ധപ്പെട്ട ജില്ലാ ആഫീസുകളിൽ കൂടി പ്രസിദ്ധീകരിക്കേണ്ടതാണ്.

(2) കരട് ലിസ്റ്റിലുൾപ്പെട്ട ജീവനക്കാരെ ഏതെങ്കിലും കാരണവശാൽ അന്തിമ ലിസ്റ്റിൽ

നിന്നും ഒഴിവാക്കുന്നതിനോ/അനുവദിക്കപ്പട്ട സ്റ്റേഷനിൽ മാറ്റം വരുത്തുന്നതിനോ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ, ടി ജീവനക്കാർക്ക് അറിയിപ്പ് നൽകുകയും അവരുടെ ആക്ഷേപം പരിശോധിക്കുകയും ചെയ്യേണ്ടതാണ്.

(3) അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ അതിൽ സ്ഥലംമാറ്റ അപേക്ഷ അനുകൂലമായി പരിഗണിക്കുവാൻ ഇടയായ കാരണങ്ങൾ (പുറം സ്ഥാപനത്തിലെ സേവനകാലം, സൈനിക സേവനത്തിലിരിക്കുന്നവരുടെ ആശ്രിതർ, പെൻഷൻ ആകാറായവർ, അനുകമ്പ അർഹിക്കുന്നവർ തുടങ്ങിയവ) കാണിച്ചിരിക്കേണ്ടതാണ്.

(4) 2025 ഏപ്രിൽ 30-ാം തീയതിയ്ക്ക് മുമ്പ് പൊതുസ്ഥലംമാറ്റം പൂർത്തിയാക്കേണ്ടതാണ്.

(5) 2025 ഫെബ്രുവരി 28-ന് മൂന്ന് വർഷം പൂർത്തിയാകുന്ന ജീവനക്കാരന്റെ അപേക്ഷ മാത്രമേ പൊതു സ്ഥലംമാറ്റത്തിന് പരിഗണിക്കുവാൻ പാടുള്ളൂ (മൂന്ന് വർഷം കാലാവധി എന്നത് ഡ്യൂട്ടിയിൽ പ്രവേശിച്ച തീയതി മുതൽ അടുത്ത ഏപ്രിൽ 30 വരെ കണക്കാക്കാവുന്നതാണ്.)

(6) അന്തർജില്ലാ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ച ശേഷം മാത്രം ജില്ലയ്ക്കകത്തുള്ള സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(7) സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ WWW.spark.gov.in/webspark എന്ന Website വഴി സമർപ്പിക്കേണ്ടതാണ്.

(8) അപ്പീലുകൾ അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യുന്നത്, പൊതുസ്ഥലംമാറ്റം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായിട്ടായിരിക്കണം. കൂടാതെ ഇതു സംബന്ധിച്ച ഉത്തരവിൽ/നടപടിക്രമത്തിൽ അപ്പീൽ സ്വീകരിക്കുന്നതിനോ നിരസിക്കുന്നതിനോ ആധാരമായ കാര്യകാരണങ്ങൾ വ്യക്തമായി പ്രതിപാദിച്ചിരിക്കേണ്ടതാണ് (Speaking Order).

(9) മേൽ നിർദ്ദേശങ്ങൾക്കൊപ്പം പരാമർശ (1) ഉത്തരവിലെ വ്യവസ്ഥകളുടേയും, പൊതുസ്ഥലംമാറ്റം സംബന്ധിച്ച ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിൽ നിന്നും തുടർന്ന് പുറപ്പെടുവിക്കപ്പെട്ട ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ 2025-ലെ പൊതുസ്ഥലംമാറ്റം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ഡ്രഗ്സ് കൺട്രോളർ, തിരുവനന്തപുരം
ഫുഡ് സേഫ്റ്റി കമ്മീഷണർ, തിരുവനന്തപുരം
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം (പരസ്യപ്പെടുത്തുന്നതിനായി)
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Shailakumari. M
Date: 11-03-2025 19:54:20

പകർപ്പ്: ബഹു.ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ആരോഗ്യ കുടുംബക്ഷേമ (സി/ ഇ /എഫ് /എച്ച് )വകുപ്പ്